# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.649 28.09.2016-ൽ മറുപടിയ്ക്ക്

### കുടിവെള്ള പൈപ്പ് കണക്ഷനുകളുമായി ബന്ധപ്പെട്ട പരാതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | | മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ | കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് കണക്ഷനുകളുമായി ബന്ധപ്പെട്ട പരാതികളിൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ; പൊതുമരാമത്ത് റോഡുകളിലും പഞ്ചായത്ത്-നഗരസഭാ റോഡുകളിലും പൈപ്പ് പൊട്ടുന്നത് സമയാസമയം ശരിയാക്കാത്തതിനാൽ ധാരാളം ശുദ്ധജലം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | കുടിവെള്ള കണക്ഷനുമായി ബന്ധപ്പെട്ട് ഉപഭോക്താക്കൾ നൽകുന്ന പരാതികളിൽ യഥാസമയം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാറുണ്ട്. പൊതുമരാമത്ത്, പഞ്ചായത്ത്, നഗരസഭാ റോഡുകളിൽ ഉണ്ടാകുന്ന പൈപ്പ് പൊട്ടലുകൾ അടിയന്തിരമായി പരിഹരിക്കാറുണ്ട്. എന്നാൽ ചില അവസരങ്ങളിൽ പ്രസ്തുത ഏജൻസികളുടെ അനുമതി ലഭിക്കാത്തതു കാരണം കാലതാമസം നേരിടാറുണ്ട്. എന്നിരുന്നാലും പൊട്ടലുകൾ റിപ്പോർട്ട് ചെയ്യു ഉടൻ തന്നെ വാൽവുകൾ അടച്ച് ജലനഷ്ടം കുറയ്ക്കുന്നുണ്ട്. |
| ബി | പൈപ്പ് പൊട്ടുമ്പോൾ ഉപഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്ന തരത്തിൽ വാട്ടർ അതോറിറ്റി നടപടികൾ സ്വീകരിക്കുന്നത് അവസാനിപ്പിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; | (ബി) & (സി) | പൈപ്പ് പൊട്ടുമ്പോൾ അവ അടിയന്തിരമായി പരിഹരിച്ച് പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരമാവധി ലഘൂകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് വിവരങ്ങൾ ദൃശ്യ, പത്ര മാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിക്കുകയും ബദൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ ടാങ്കർ ലോറികൾ വഴിയും ജലവിതരണം നടത്താറുണ്ട്. പൊതുസമൂഹത്തിനുണ്ടാവുന്ന പ്രയാസങ്ങൾ പരമാവധി കുറച്ചുകൊണ്ടുവരുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. |
| സി | റോഡുകളുടെ റീ-ടാറിംഗിന് മുൻപ് വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥൻമാരെക്കൊണ്ട് പരിശോധിപ്പിച്ച ശേഷം ടാറിംഗ് നടപടികൾ ആരംഭിക്കുവാൻ ആവശ്യമായ നിർദ്ദേശം പൊതുമരാമത്ത് വകുപ്പിന് നൽകുമോ; | | |

| | | | |
|---|---|---|---|
| ഡി | റോഡുകളിലെ പൈപ്പ് പൊട്ടുമ്പോൾ വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ ഉടൻ തന്നെ പൈപ്പ് മാറ്റുന്നതിനും കേട്ടുപാടുകൾ തീർക്കുന്നതിനും നടപടി സ്വീകരിക്കുമോ; ഇത്തരം വിഷയങ്ങളിൽ തിരുവനന്തപുരം പോങ്ങുംമൂട് അസിസ്റ്റന്റ് എഞ്ചിനീയറുടെ കീഴിൽ ഉള്ള സ്ഥലങ്ങളിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ; | ഡി | പൈപ്പ് ലൈൻ അറ്റകുറ്റ പണികൾ ജല അതോറിറ്റി ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിലും ഉത്തരവാദിത്വത്തിലുമാണ് നടത്തി വരുന്നത്. അറ്റകുറ്റപണികൾ ജല അതോറിറ്റി നേരിട്ട് നടത്തുന്നതിനുള്ള ബ്ലൂ ബ്രിഗേഡ് സംവിധാനം എല്ലാ പ്രധാന ജലവിതരണ പദ്ധതികളിലും നടപ്പിലാക്കാൻ ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ലീക്കുകൾ റോഡ് അധികൃതരുടെ അനുമതിയോടെ അടിയന്തിരമായി ചെയ്തു തീർക്കാറുണ്ട്; പരാതി ലഭിച്ചിട്ടുണ്ട്. |
| ഇ | റണ്ണിംഗ് കോൺട്രാക്ടർ എന്ന വിഭാഗത്തിന്റെ പ്രവർത്തനം എന്തൊക്കെയാണ്; ആയതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ? | ഇ | ഒരു വർഷ കാലയളവിൽ ഉണ്ടാകാനിടയുള്ള അറ്റകുറ്റപണികൾ കണക്കാക്കി, അടങ്കൽ തയ്യാറാക്കി, പൊതു ദർഘാസ് വഴി കരാറുകാരെ തിരഞ്ഞെടുത്ത് ഒരു വർഷക്കാലയളവിലേയ്ക്ക് അറ്റകുറ്റ പണികൾക്ക് കരാറിൽ ഏർപ്പെടുന്ന സമ്പ്രദായമാണ് റണ്ണിംഗ് കോൺട്രാക്ട് ചോർച്ചകളും മറ്റ് തകരാറുകളും ശ്രദ്ധയിൽ പ്പെടുന്ന മുറയ്ക്ക് റണ്ണിംഗ് കോൺട്രാക്ട് എടുത്ത കരാറുകാരൻ വഴി ജല അതോറിറ്റി ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ അറ്റകുറ്റ പണികൾ നടത്തുന്ന രീതിയാണിത്. |

Renuka Sankar

സെക്ഷൻ ഓഫീസർ

൪